بســم الله الرحمن الرحيم
نحمده ونصلى على رسوله الكريم. وعلى عبده المسيح الموعود

ഖുത്ബ
29.4.2005
കെനിയ

# പ്രബോധനരംഗത്ത് മുന്നോട്ട് കുതിക്കുക

وَلِكُلٍّ وِجْهَةٌ هُوَ مُوَلِّيهَا فَاسْتَبِقُوا الْخَيْرَاتِ أَيْنَ مَا تَكُونُوا يَأْتِ بِكُمُ اللَّهُ جَمِيعًا إِنَّ اللَّهَ عَلَىٰ كُلِّ شَيْءٍ قَدِيرٌ

നബിമാർ വരുന്നതിന് ഒരുദ്ദേശ്യലക്ഷ്യമുണ്ടെന്നും ആ ഉദ്ദേശ്യലക്ഷ്യവുമായിട്ടുതന്നെയാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) വന്നിട്ടുള്ളതെന്നും ഇന്നലെത്തെ എന്റെ പ്രസംഗത്തിൽ ഞാൻ പറഞ്ഞിരുന്നു. അതായത്, അല്ലാഹുവുമായി മനുഷ്യനെ ബന്ധിപ്പിക്കുക. പാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള വഴികൾ പഠിപ്പിക്കുക. നന്മയിലേക്ക് കൊണ്ടുപോകുന്ന മാർഗ്ഗങ്ങൾ കാണിച്ചുകൊടുക്കുക. ഇതിൽനിന്ന് ആ ഉദ്ദേശ്യലക്ഷ്യം എളുപ്പത്തിൽ നേടിയെടുക്കാമെന്ന് ആരും തെറ്റുദ്ധരിക്കരുത്. നന്മകളിൽ നിലകൊള്ളുന്നതിനുവേണ്ടി പരിശ്രമം ആരംഭിക്കുകയും ചില നന്മകൾ ചെയ്യുവാൻ തുടങ്ങുകയും ചെയ്യുമ്പോൾ അതിന്നർത്ഥം ഒരു ചുവടോ അല്ലെങ്കിൽ അല്പം ചില ചുവടുകളോ ഈ വഴിയിൽ നിങ്ങൾ വെച്ചിരിക്കുന്നു എന്നാണ്. ഇത് ഒരു അഹ്മദീമുസ്ലിം എത്തിച്ചേരേണ്ട ആ പരമമായ അവസ്ഥയല്ല. അത് പരമമായ അവസ്ഥ ആകുകയുമില്ല. കാരണം, ഈ അവസ്ഥയിൽ ആ നിലയെന്താണെന്ന് അറിയുകതന്നെയില്ല. ഇതറിയാൻ മാർഗ്ഗദർശനം ആവശ്യമുണ്ട്. അതുകൊണ്ടാണ് പാപങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗത്തിലേക്ക് വഴികാണിക്കുന്നു എന്നും ദീനിലും ആത്മീയതയിലും അല്ലാഹു തിരഞ്ഞെടുത്ത ആൾ, വഴികാണിക്കാത്തിടത്തോളം ഉന്നതമായ വഴികൾ അന്വേഷിച്ച് കണ്ടെത്താൻ സ്വയം ആർക്കും സാധിക്കുകയില്ലെന്നും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത്. ഇക്കാലത്ത് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ആ തിരഞ്ഞെടുക്കപ്പെട്ട വ്യക്തി ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്നെയാണ്.

എന്തായാലും, ഞാൻ പറഞ്ഞതുപോലെ, ദൈവസാമീപ്യത്തിന്റെ ഉന്നതമായ നില ചില ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്നതുകൊണ്ടോ കുറച്ച് നന്മകൾ ചെയ്യുന്നതുകൊണ്ടോ കരസ്ഥമാകുകയില്ല. ഇതൊരു സ്ഥിരമായ കർമ്മമാണ്. സ്ഥിരമായ യാത്രയാണ്. ഇതിലൂടെ നടന്നുകൊണ്ട് ലക്ഷ്യസ്ഥാനം സമീപസ്ഥമായിരിക്കുന്നുവെന്ന് തോന്നുന്നസ്ഥലത്ത് സത്യവിശ്വാസി എത്തുമ്പോൾ, അവൻ മറ്റു പല നിലകളും അവിടെ കാണാൻ തുടങ്ങുന്നു.

അതുകൊണ്ട് ഓരോ അഹ്മദിയും നന്മകളുടെ നിലകൾ അന്വേഷിക്കേണ്ടതാണ്. അതിൽ ആരാധനകളുമുണ്ട്, നന്മകളുമുണ്ട്. ഇതിലൂടെ അഹ്മദി എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കണം. നന്മയുടെ നിലകൾ അന്വേഷിച്ചുകൊണ്ടിരിക്കണം. ഉന്നതമായ ധാർമ്മികഗുണങ്ങളിൽ ഓരോ അഹ്മദിയും പുരോഗതി കൈവരിക്കേണ്ടതാണ്. ജനങ്ങളോടുള്ള കടമ നിറവേറ്റണമെന്ന ചിന്തയോടുകൂടി പരിശ്രമിക്കേണ്ടതാണ്. ചുരുക്കിപ്പറഞ്ഞാൽ അഹ്മദിമുസ്ലിമിന്റെ മുമ്പിൽ വിശാലമായൊരു മൈതാനമാണുള്ളത്. ഇതിൽ എപ്പോഴും ഉത്സാഹത്തോടും ശ്രദ്ധയോടുംകൂടി പരിശ്രമിച്ചുകൊണ്ട് മുന്നോട്ടുനീങ്ങേണ്ടതാണ്. മുന്നോട്ടുനീങ്ങിക്കൊണ്ടേപോകേണ്ടതാണ്. ഏതെങ്കിലും ഒരു കർമ്മത്തെ പിടിച്ചുകൊണ്ട് പ്രാപിക്കേണ്ട സ്ഥാനം പ്രാപിച്ചു എന്നു കരുതുന്നത് തികച്ചും അബദ്ധമാണ്. വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ള ആ എല്ലാ നന്മകളിലും അഭിവൃദ്ധി നേടുമ്പോഴാണ് ശരിയായ സത്യവിശ്വാസിയാണെന്ന് പറയപ്പെടുന്നത്. ഇതിലേക്കാണ് അല്ലാഹു നമ്മുടെ ശ്രദ്ധ ക്ഷണിച്ചിട്ടുള്ളത്. ഞാനോതിയ വചനത്തിന്റെ തർജമ ഇങ്ങനെയാണ്.

“ഓരോരുത്തനും ഓരോ ലക്ഷ്യമുണ്ട്. അതിന്റെ നേർക്ക് അവൻ മുഖം തിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ സൽകാര്യങ്ങളിൽ അഹമഹമികയാ മുന്നേറുക. നിങ്ങൾ എവിടെയായിരുന്നാലും അല്ലാഹു നിങ്ങളെ ഒരുമിച്ചുകൂട്ടിക്കൊണ്ടുവരും. അല്ലാഹു താനുദ്ദേശിക്കുന്ന എല്ലാ കാര്യത്തിനും പൂർണമായും കഴിവുള്ളവനാകുന്നു. (*2:149*)

നിങ്ങളുടെ ജീവിതത്തിന്റെ ഉദ്ദേശ്യലക്ഷ്യം നന്മകളിൽ അഭിവൃദ്ധിപ്പെടുക എന്നതാണെന്ന് ഇതിൽനിന്ന്

വ്യക്തമായി. ഇങ്ങനെ എല്ലാ മുഅ്മിനും എല്ലാ അഹ്മദിയും ഒരുത്സാഹത്തോടും ആവേശത്തോടുംകൂടി നന്മകളിൽ അഭിവൃദ്ധിപ്പെടാനുള്ള ഈ ഓട്ടത്തിൽ പങ്കെടുക്കുമ്പോൾ എത്രമാത്രം മനോഹരമായ സമൂഹമായിരിക്കും നിലവിൽ വരികയെന്ന കാര്യം ചിന്തിച്ചുനോക്കുക. അവിടെ ആരാധനാകർമ്മങ്ങളുടെ ഉന്നതമായ നില സ്ഥാപിതമായിക്കൊണ്ടിരിക്കുകയും മറ്റു നന്മകളുടെ ഉത്തുംഗസ്ഥാനം കരസ്ഥമാക്കാനുള്ള പരിശ്രമം ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. ചിലയാളുകൾ പരസ്പരം നോക്കിക്കൊണ്ട് മറ്റുള്ളവർ സമ്പാദിച്ചുകൊണ്ടിരിക്കുന്ന ആ സ്ഥാനം തങ്ങൾക്കും കൈവരിക്കണമെന്ന വിചാരത്തോടെ പ്രവർത്തിച്ചുതുടങ്ങും. തങ്ങളുടെ സഹോദരന്മാർ കൈവരിച്ചുകൊണ്ടിരിക്കുന്ന ദൈവസാമീപ്യത്തിന്റെ ആ ഉത്തുംഗമായ നില തങ്ങൾക്കും കൈവരിക്കണമെന്ന ചിന്ത അവർക്കുമുണ്ടാകും. മറ്റുള്ളവരുടെ ആരാധനാകർമ്മങ്ങളും നന്മകളും കണ്ടിട്ട് അതിൽ അസഹിഷ്ണുത ഉണ്ടാകുന്നതിനു പകരം, തനിക്കും അതുപോലെ ചെയ്യണമെന്ന വിചാരം ഉണ്ടാകുകയും സ്വയം ആ നന്മകളിൽ വളരാൻ ശ്രമിക്കുകയും ചെയ്യുന്നു. സ്വഹാബത്ത് ഇതിലേക്ക് ഒരുപാട് ശ്രദ്ധിച്ചിരുന്നു.

നിവേദനത്തിൽ വന്നിരിക്കുന്നു. ഒരിക്കൽ സ്വഹാബിമാരെല്ലാവരും സംഘടിച്ച് നബി(സ) തിരുമേനിയുടെയടുക്കൽ വന്നുപറഞ്ഞു: സമ്പന്നന്മാർ തങ്ങളുടെ സമ്പത്തുകൊണ്ട് എല്ലാ പ്രതിഫലങ്ങളും നേടിക്കൊണ്ടുപോകുന്നു. അല്ലെങ്കിൽ ഞങ്ങളെക്കാൾ കൂടുതൽ പ്രതിഫലം അവർ നേടുന്നു. ഞങ്ങൾ നിസ്കരിക്കുന്നതുപോലെ അവരും നിസ്കരിക്കുന്നു. ഞങ്ങൾ നോമ്പുപിടിക്കുന്നതുപോലെ അവരും നോമ്പുപിടിക്കുന്നു. ഞങ്ങൾ മറ്റു ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നതുപോലെ അവരും അനുഷ്ഠിക്കുന്നു. പക്ഷേ, ഞങ്ങൾക്കു ചെയ്യാൻ സാധിക്കാത്തതായ ഒരു കാര്യം അവർ കൂടുതൽ ചെയ്യുന്നു. സമ്പന്നന്മാരായ ആളുകൾ എല്ലാ നന്മകളും ചെയ്യുന്നതിനോടൊപ്പം തങ്ങളുടെ സമ്പത്തും അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നു. അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കണമെന്ന ആഗ്രഹം ഉണ്ടായിട്ടും ഞങ്ങൾ ദാരിദ്ര്യം കാരണത്താൽ ഈ രംഗത്ത് അവരെക്കാൾ പിന്നിലാണ്. ഈ നന്മയിലും അവരോടൊപ്പം ചേരാനുള്ള എന്തെങ്കിലും വഴി ഞങ്ങൾക്ക് പറഞ്ഞുതന്നാലും. ഇതുകേട്ടപ്പോൾ നബി (സ) തിരുമേനി "ദാനധർമ്മം എന്ന നിലയിൽ ചെലവഴിക്കാൻ അല്ലാഹു നിങ്ങൾക്ക സമ്പത്ത് തന്നിട്ടില്ലേ?" എന്ന് ചോദിച്ചുകൊണ്ട് പറഞ്ഞു: ഓർമ്മിച്ചുകൊള്ളുക. ഓരോ തസ്ബീഹും (സ്തോത്രം ചെയ്യൽ) സദഖയാണ്. ഓരോ തക്ബീറും സദഖയാണ്. ***അൽഹംദുലില്ലാഹ്*** എന്ന് പറയുന്നത് സദഖയാണ്. ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറയുന്നത് സദഖയാണ്. നന്മ കല്പിക്കുന്നത് സദഖയാണ്. തിന്മ വിരോധിക്കുന്നത് സദഖയാണ്. "

അവിടന്ന് പറഞ്ഞതായി ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. "നിങ്ങൾ ഓരോ നിസ്കാരത്തിനുശേഷവും മുപ്പത്തിമൂന്ന് പ്രാവശ്യം സുബ്ഹാനല്ലാഹ് എന്നും മുപ്പത്തിമൂന്ന് പ്രാവശ്യം അൽഹംദുലില്ലാഹ് എന്നും മുപ്പത്തിനാല് പ്രാവശ്യം അല്ലാഹുഅക്ബർ എന്നും ചൊല്ലുക. ഇത് നിങ്ങളെ ദാനധർമ്മങ്ങൾ ചെയ്യുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുകയും ചെയ്യുന്ന സമ്പന്നന്മാർക്ക് തുല്യരാക്കിതീർക്കും." സഹാബിമാർ ഈ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങി. കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ സമ്പന്നരായ സഹാബാക്കൾ ദരിദ്രരായ ഇക്കൂട്ടർ നിസ്കാരത്തിനു ശേഷം എന്തോ ചൊല്ലിക്കൊണ്ടിരിക്കുന്നത് കണ്ടു. നന്മയിൽ മറ്റുള്ളവരെ കവച്ചുവെക്കണമെന്ന ഉത്സാഹം അവരിലുമുണ്ടായിരുന്നു. തങ്ങളുടെ ധനത്തിൽ അഹങ്കരിക്കുകയും അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റാതിരിക്കുകയും ചെയ്യുന്ന ഭൗതികരായ സമ്പന്നരെപോലെയായിരുന്നില്ല അവർ. ഇത്തരം സമ്പന്നന്മാർ നന്മകളിൽ മുൻകടക്കുന്നതിനു പകരം തിന്മകളിൽ മുൻകടക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നവരാണ്. എന്തായാലും സമ്പന്നരായ ആ സഹാബിമാർക്ക് ദരിദ്രരായ ഈ ആളുകൾ നിസ്കാരത്തിനു ശേഷം എന്താണ് ചൊല്ലുന്നതെന്ന് അറിയാൻ തിടുക്കമായി. അവസാനം അവർക്ക് കാര്യം മനസ്സിലായി. അവരും തസ്ബീഹും തഹ്മീദും ചൊല്ലാൻ തുടങ്ങി. കാരണം നന്മയിൽ മുൻകടക്കേണ്ടതെങ്ങനെയെന്ന് ആ സഹാബിമാർ മനസ്സിലാക്കിയിരുന്നു. ഈ വിവരം അറിഞ്ഞപ്പോൾ ദരിദ്രരായ സഹാബിമാർ നബി(സ) തിരുമേനിയുടെ സന്നിധിയിൽ വീണ്ടുമെത്തി. അവർ പറഞ്ഞു: "അങ്ങ് ഞങ്ങളോട് പറഞ്ഞ കാര്യം സമ്പന്നരായ സഹാബാക്കൾ അറിഞ്ഞുകഴിഞ്ഞു. അവരും ദൈവസ്മരണയിൽ മുഴുകാൻ തുടങ്ങിയിരിക്കുന്നു. അങ്ങനെ അവർ വീണ്ടും ഞങ്ങളെക്കാൾ മുമ്പിലെത്തിയിരിക്കുകയാണ്." ഇതുകേട്ടപ്പോൾ നബി(സ) തിരുമേനി പറഞ്ഞു. ''എനിക്കെന്താണ് ചെയ്യാൻ കഴിയുക. അല്ലാഹു തന്റെ അനുഗ്രഹംകൊണ്ട് വല്ലവനും നന്മകളിൽ മുൻകടക്കാൻ തൗഫീഖ് നല്കുകയാണെങ്കിൽ എനിക്കെങ്ങനെ അവരെ തടയാൻ കഴിയും?" ഇതായിരുന്നു സഹാബാക്കളുടെ മാതൃക. ഈ മാതൃക നമ്മോട് പറഞ്ഞിട്ടുള്ളത് നമ്മൾ കേട്ടിരിക്കുന്നതിനു വേണ്ടിയല്ല, നമ്മളും അതനുസരിച്ച് പ്രവർത്തിക്കുന്നവരായി തീരാ

നാണ്. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനും നന്മകളിൽ മുന്നോട്ടുകുതിക്കുന്നതിനുമുള്ള സഹാബാക്കളുടെ താല്പര്യം എത്രമാത്രമായിരുന്നു എന്നാൽ, അവർ നിരന്തരം നബിതിരുമേനിയുടെ സന്നിധിയിൽ ഹാജരായി ആകാംക്ഷയോടെ ഇതിനെക്കുറിച്ച് അന്വേഷിച്ചുകൊണ്ടിരിക്കുമായിരുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് മുആദ്(റ) നിവേദനം ചെയ്യുന്നു. ജന്നത്തിലേക്ക് എന്നെ കൊണ്ടുപോകുന്നതും നരകത്തിൽനിന്ന് അകറ്റുന്നതുമായ എന്തെങ്കിലും കാര്യം എനിക്കു പറഞ്ഞുതരാൻ ഞാൻ നബിതിരുമേനിയോട് അപേക്ഷിച്ചു. അവിടന്ന് പറഞ്ഞു: താങ്കൾ വലിയതും ബുദ്ധിമുട്ടുണ്ടാക്കുന്നതുമായ ഒരു കാര്യമാണ് ചോദിച്ചത്. എന്നാൽ, അല്ലാഹു തൗഫീഖ് ചെയ്താൽ ഇത് എളുപ്പവുമാണ്. നീ അല്ലാഹുവിനെ ആരാധിക്കുക. അവനോട് ആരേയും പങ്കുചേർക്കരുത്. കൃത്യമായി നിസ്കരിക്കുക. സക്കാത്ത് കൊടുക്കുക. റമസാൻ മാസത്തിലെ നോമ്പ് പിടിക്കുക. വഴിച്ചെലവിന് കഴിവുണ്ടെങ്കിൽ ഹജ്ജ് ചെയ്യുക. എന്നിട്ട് അവിടന്ന് പറഞ്ഞു: ഐശ്വര്യത്തിന്റേയും നന്മയുടേയും കവാടങ്ങളെ സംബന്ധിച്ച് ഞാൻ നിനക്ക് പറഞ്ഞുതരട്ടെയോ? കേൾക്കുക! നോമ്പ് പാപങ്ങളിൽ നിന്ന് രക്ഷപ്പെടാനുള്ള പരിചയാണ്. ദാനധർമ്മം (സദഖ) പാപങ്ങളുടെ അഗ്നിയെ, വെള്ളം തീയെ അണച്ചുകളയുന്നതുപോലെ അണച്ചുകളയുന്നു. രാത്രിയുടെ ഇടയാമത്തിൽ നിസ്കരിക്കുക എന്നത് മഹത്തായ പ്രതിഫലത്തിന് കാരണമാകും. പിന്നീട് അവിടന്ന് ഈ ഖുർആനിക വചനമോതി. '***ത തജാഫ്ഫാ ജുനൂബുഹും അനിൽമളാജിഇ***' അവരുടെ ശരീരഭാഗങ്ങൾ ശയ്യാതലങ്ങളിൽനിന്ന് അകന്നുകൊണ്ടിരിക്കുന്നതാണ്. (32:17) എന്നിട്ട് ചോദിച്ചു. ഞാൻ നിനക്ക് മുഴുവൻ ദീനിന്റേയും വേര് എന്നല്ല അതിന്റെ നെടുംതൂണും ശിഖയും പറച്ചുതരട്ടെ. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, പറഞ്ഞുതന്നാലും. ദീനിന്റെ വേര് ഇസ്ലാമാണ്. അതിന്റെ നെടുംതൂൺ നിസ്കാരമാണ്. അതിന്റെ ശിഖ ജിഹാദാണ്. എന്നിട്ട് അവിടന്ന് ചോദിച്ചു. ദീനിന്റെ മുഴുവൻ സംക്ഷിപ്തം ഞാൻ നിനക്ക് പറഞ്ഞുതരട്ടെയോ? ഞാൻ പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ, തീർച്ചയായും പറഞ്ഞുതന്നാലും. അവിടന്ന് തന്റെ നാവ് പിടിച്ചു. എന്നിട്ട് പറഞ്ഞു. ഇതിനെ നിയന്ത്രിക്കുക. ഞാൻ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, ഞങ്ങളുടെ സംസാരത്തെ സംബന്ധിച്ചും ചോദ്യം ചെയ്യപ്പെടുമോ? അവിടന്ന് പറഞ്ഞു: "അഹോ കഷ്ടം! ജനങ്ങൾ അവരുടെ ചീത്തയും അനവസരത്തിലുള്ളതുമായ സംസാരം കാരണത്താൽതന്നെയാണ് നരകത്തിൽ മുഖംകുത്തിവീഴുന്നത്."

നോക്കുക, എത്രമാത്രം ചിന്തിക്കേണ്ട കാര്യമാണിത്. നരകത്തിന്റെ ചൂട്കാറ്റ് തട്ടാനിടയാകുന്ന ചെറിയ കാര്യംപോലും ഉണ്ടാകാൻ പാടില്ല. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകുംവിധമുള്ള പ്രവൃത്തികളാണ് നമ്മളിൽനിന്നുണ്ടാകേണ്ടത്. ഇതായിരുന്നു സഹാബത്തിന്റെ ജീവിതശൈലി. നബി(സ) തിരുമേനിയുടെ മറുപടി നോക്കുക, അവിടന്ന് പറഞ്ഞു, ഇത് പ്രയാസകരമായൊരു പ്രവൃത്തിയാണ്. എന്നാൽ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കണമെന്ന ഉദ്ദേശ്യത്തോടെ നിലനിന്നാൽ അല്ലാഹു അനുഗ്രഹം ചെയ്യുന്നതാണ്. സ്വർഗ്ഗത്തിൽ പോകണമെന്ന മനുഷ്യന്റെ ഉദ്ദേശ്യവും പൂർത്തിയാകുന്നതാണ്. എന്നാൽ ഇതിനായി ചില കർമ്മങ്ങൾ നാം ചെയ്യേണ്ടതായി വരും. അതിലൊന്നാമത്തേത് അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. അതായത്, കൃത്യനിഷ്ഠയോടെ അവനെ ആരാധിക്കണം. അവനോട് ആരേയും പങ്കുകാരാക്കി വെക്കരുത്. നിസ്കാരസമയങ്ങളിൽ അല്ലാഹു കല്പിച്ചതുപോലെ പൂർണ്ണശ്രദ്ധയോടുകൂടി നിസ്കരിക്കണം. നിങ്ങളുടെ തൊഴിലോ മറ്റ് ഒഴികഴിവുകളോ നിസ്കാരത്തിൽനിന്ന് നിങ്ങളെ തടയാൻ പാടില്ല. ജോലി കാരണത്താൽ നിസ്കാരത്തെ ഉപേക്ഷിക്കരുത്. നിസ്കാരത്തിനായി ജോലി ഉപേക്ഷിക്കുക. ഇല്ലെങ്കിൽ ഇതും മറഞ്ഞ ഒരുതരം ശിർക്കായിത്തീരും. ജോലിക്കുവേണ്ടി നിസ്കാരം ഉപേക്ഷിക്കുക എന്നതിന്റെ അർത്ഥം നിങ്ങളുടെ പക്കൽ ഭൗതികമായ ജോലി അല്ലാഹുവിനെ ആരാധിക്കുന്നതിനേക്കാൾ കൂടുതൽ പ്രധാനപ്പെട്ടതാകുന്നുവെന്നതാണ്. അതിന്റെ അർത്ഥം നിങ്ങൾ നിങ്ങളുടെ ജോലിയെ അല്ലാഹുവിന് സമാനനായി എഴുന്നേല്പിച്ചുനിർത്തിയിരിക്കുന്നു എന്നാണ്. ഇക്കാലത്ത് ഭൗതികത വളരെയധികമാണ്. അതുകൊണ്ടുതന്നെ ഇത്തരം ശിർക്ക് പ്രത്യേകമായ നിലയിൽ ഒരുപാട് വ്യാപിച്ചിരിക്കുന്നു. ഭൗതികമായ ജോലികളിലും തത്രപ്പാടുകളിലും മനുഷ്യൻ എത്രമാത്രം മുങ്ങിപ്പോയിരിക്കുന്നുവെന്നുവെച്ചാൽ അല്ലാഹുവിനെ ആരാധിക്കുന്നതും നിസ്കരിക്കുന്നതും ഒരു രണ്ടാംതരം പണിയായിക്കഴിഞ്ഞിരിക്കുന്നു. ഇക്കാലഘട്ടത്തിൽ പ്രത്യേകം ശ്രദ്ധയോടും താല്പര്യത്തോടുംകൂടി നിസ്കരിക്കുന്നവൻ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് തീർച്ചയായും അവന്റെ സാമീപ്യം പ്രാപിക്കുന്നവനാകും. അതുകൊണ്ട് ഓരോ അഹ്മദിയും ഇത് നല്ലവണ്ണം ഓർമ്മവയ്ക്കേണ്ടതാണ്. അതായത്, അവർക്ക് അല്ലാഹുവിന്റെ തൃപ്തിയും സ്വർഗ്ഗവും കരസ്ഥമാക്കണമെങ്കിൽ അവർ അവരുടെ നിസ്കാരങ്ങളിൽ കൃത്യനിഷ്ഠ പാലിക്കേണ്ടതാണ്. നബി(സ)തിരുമേനി പറഞ്ഞതുപോലെ നന്മയുടെ

കവാടങ്ങളിൽ പ്രവേശിക്കണമെങ്കിൽ കൂടുതൽ പുരോഗതി പ്രാപിക്കേണ്ടതായി വരും. അതിനായി രാത്രിയിൽ തഹജ്ജുദ് നിസ്കരിക്കാൻ എഴുന്നേല്ക്കേണ്ടതും അനിവാര്യമാണ്. ഇതുമുഖേന നന്മയിലേക്കുള്ള ചുവട് വർദ്ധിക്കുകയും ആരാധനയിൽ കൂടുതൽ താല്പര്യമുണ്ടാകുകയും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാൻ കൂടുതൽ പരിശ്രമിക്കുകയും ചെയ്യും. ഇപ്രകാരം നമ്മുടെ ഉള്ളിൽ ഒരാത്മീയ പരിവർത്തനം ഉണ്ടാകാൻ തുടങ്ങും. അത് ആത്മീയപുരോഗതിയുടെ കൂടുതൽ നിലകൾ തരണം ചെയ്യിക്കും. ഓരോ ദിവസവും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിലേക്ക് നമ്മുടെ ചുവട് ഒരു പുതിയരീതിയിൽ മുന്നോട്ടായുന്നതാണ്. അതിനാൽ ഓരോ അഹ്മദിയും തങ്ങളുടെ ആരാധനകളുടെ നില ഉയർത്താൻ പരിശ്രമിക്കേണ്ടതാണ്. ഒരു വിശ്വാസി വെറും തന്റെ കാര്യംമാത്രം നോക്കുന്നവനല്ല. പ്രത്യുത, തന്റെ ഭാര്യാമക്കളുടേയും തന്നെ ആശ്രയിച്ചുകഴിയുന്നവരുടേയും കാര്യങ്ങൾകൂടി നോക്കുന്നവനായിരിക്കും. അതുകൊണ്ട് ഈ ആരാധനകളുടെ നില കരസ്ഥമാക്കാനും ശിർക്കിൽ നിന്ന് വിമുക്തമായ പരിശുദ്ധസമൂഹം നിലനാട്ടാനും തന്റെ ഭാര്യാമക്കളുടെ മേൽനോട്ടവും വഹിക്കേണ്ടതാണ്. അവരും ആരാധനാകർമ്മങ്ങളിലേക്ക് ശ്രദ്ധിക്കുന്നുണ്ടോ എന്ന് നോക്കേണ്ടതാണ്.

ഇങ്ങനെ നിങ്ങൾ പരിശുദ്ധമാതൃക നിലനാട്ടുമ്പോൾ അത് കാരണത്താൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങളുടെമേൽ പെയ്യുന്നതുകണ്ട് തീർച്ചയായും നിങ്ങളുടെ മക്കളും അല്ലാഹുവിന്റെ ആരാധകരാകാൻ പരിശ്രമിക്കുന്നതാണ്. ഇത്തരം കാര്യങ്ങൾ അഭിവൃദ്ധിപ്പെടുത്താനുള്ള ഓട്ടത്തിൽ അവരും പങ്കെടുക്കുന്നതാണ്. നിസ്കാരങ്ങളുടെ ഉന്നതമായനില സ്ഥാപിക്കുന്നതോടൊപ്പം മറ്റു ത്യാഗങ്ങളിലും ആരാധനകളിലും പുരോഗതി നേടുന്നതിന് ശ്രമിക്കേണ്ടതുമാണ്. ഇങ്ങനെ ജമാഅത്തിനുള്ളിൽ നന്മകൾ സ്ഥാപിക്കുന്നതിനും, സ്ഥാപിക്കുക മാത്രമല്ല പ്രത്യുത, അതിനെ വളർത്തുന്നതിനും ഇടമുറിയാതെ അത് തുടർന്നുകൊണ്ടുപോകുന്നതിനും അഹമഹമികയാ മുന്നേറുന്നതിനുമുള്ള പരമ്പരതന്നെ ആരംഭിക്കുന്നതായിരിക്കും. നബി (സ) തിരുമേനി പറഞ്ഞതുപോലെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുന്ന ഐശ്വര്യത്തിന്റേയും നന്മകളുടേയും കവാടങ്ങളിലൊന്ന് ദാനധർമ്മവുമാണ്. വെള്ളം അഗ്നിയെ അണയ്ക്കുന്നതുപോലെ അത് പാപങ്ങളെ തണുപ്പിക്കുന്നു. പാപങ്ങൾ മനസ്സിലാക്കിക്കൊണ്ട് മനുഷ്യൻ അല്ലാഹുവിനോട് മാപ്പിരക്കുകയും തൗബാ ചെയ്തുകൊണ്ട് അവന്റെ മുന്നിൽ കുനിയുകയും വരും കാലങ്ങളിൽ പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുകയും അതിനോടൊപ്പം അല്ലാഹുവിന്റെ വഴിയിൽ എന്തെങ്കിലും ചെലവഴിക്കുകയും ചെയ്യുമ്പോൾ അവന്റെ ഈ ചിന്താബോധം അല്ലാഹുവിന്റെ കാരുണ്യത്തെ വലിച്ചടുപ്പിക്കുന്നതായി തീരുന്നതാണ്. അവൻ പാപങ്ങളിൽനിന്ന് രക്ഷപ്പെടുക മാത്രമല്ല, നന്മ ചെയ്യുന്നതിലേക്ക് ശ്രദ്ധിക്കുകയും ചെയ്യുന്നു. വെറും നന്മ ചെയ്യാനുള്ള ശ്രദ്ധയുണ്ടാകുക മാത്രമല്ല അതിനെ മെച്ചപ്പെടുത്തുന്നതിലേക്കും ശ്രദ്ധിക്കുന്നതായിരിക്കും.

താങ്ങളെങ്ങനെ സദഖ അഥവാ ദാനധർമ്മം ചെയ്യുമെന്നും അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുമെന്നും ദരിദ്രർ ചിന്തിച്ചേക്കാം. ദൈവസാമീപ്യം പ്രാപിക്കുന്നതിനും നന്മകളിൽ പുരോഗതി നേടുന്നതിനും ദീനിനെ പ്രചരിപ്പിക്കുന്നതിനും വേണ്ടി കഴിവനുസരിച്ച് എന്തെങ്കിലും തീർച്ചയായും കൊടുക്കേണ്ടതാണെന്ന കാര്യം അവർ ഓർക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, അല്ലാഹു തന്നതിൽനിന്ന് ത്യാഗം ചെയ്ത് അവന്റെ മാർഗ്ഗത്തിൽ എന്തെങ്കിലും ചെലവഴിക്കുമ്പോൾ അതുമുഖേന നന്മകളിൽ മുന്നേറാനുള്ള കൂടുതൽ വഴികൾ തുറക്കുന്നതാണ്. മറ്റൊന്ന് സാമ്പത്തികമായി അത്തരം കഴിവുകുറഞ്ഞ ആളുകൾ ഓർക്കേണ്ടത്, ഞാൻ ആദ്യ ഹദീസുകളിൽ പറഞ്ഞുവന്നതുപോലെ നബി(സ)തിരുമേനി തസ്ബീഹിനേയും തഹ്മീദിനേയം ദൈവസ്മരണയേയും സദഖ എന്നുപറഞ്ഞിട്ടുണ്ട് എന്നതാണ്. അല്ലാഹുവിന്റെ വഴിയിൽ കൊടുക്കേണ്ടതായ ഒരു സമ്പത്താണിത്. അഹ്മദികൾ ഈ വീക്ഷണത്തിലൂടെയും ദൈവസ്മരണ ചെയ്യുമ്പോൾ, അതായത് അല്ലാഹുവിന്റെ സന്നിധിയിൽ കാണിക്ക അർപ്പിക്കയും അല്ലാഹുവിൽനിന്ന് അനുഗ്രഹം പ്രതീക്ഷിക്കുകയും അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാനായി തങ്ങളുടെ കഴിവുകളെ അല്ലാഹു വർദ്ധിപ്പിക്കുമെന്ന ആഗ്രഹത്തോടെ ദുആ ചെയ്യുകയും ചെയ്യുമ്പോൾ നന്മയിൽ മുന്നേറണമെന്നുള്ള അവരുടെ ആഗ്രഹത്തേയും അല്ലാഹു വിലമതിക്കുന്നതാണ്. അപ്പോൾ മനുഷ്യൻ ചിന്തിക്കാത്ത വഴിയിലൂടെ അല്ലാഹു അനുഗ്രഹിക്കുകയും ചെയ്യും. പിന്നീട് നബി(സ) പറഞ്ഞു: ഇസ്ലാമിന്റെ ശിഖ അഥവാ അഗ്രസ്ഥാനം ജിഹാദാണ്. ഇക്കാലത്ത് വാളും തോക്കുമെടുത്തുള്ള ജിഹാദ് അവസാനിച്ചിരിക്കുന്നു. കാരണം നബി (സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് മസീഹിന്റെ ആഗമനത്തോടെ വാളുകൊണ്ടുള്ള ജിഹാദ് അവസാനിക്കണമായിരുന്നു. അതുകൊണ്ടാണ് തന്റെ ആഗമനത്തിനുശേഷം വാളുകൊണ്ടുള്ള ജിഹാദ് അവസാനിച്ചുവെന്നു മാത്രമല്ല നിഷിദ്ധമാണെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത്. ഇങ്ങനെ പറഞ്ഞകാരണത്താൽ ഇസ്ലാമിന്റെ ആ ശിഖവരെ എത്തേണ്ട വഴി അവസാനിച്ചുപോയെന്ന് കരുതാൻ

പാടുണ്ടോ? ഇല്ല. വാളുകൊണ്ടുള്ള ജിഹാദ്, ജിഹാദിന്റെ ഒരു പിരിവ് മാത്രമാണ്. അക്കാലത്തത് ആവശ്യമുണ്ടായിരുന്നതുകൊണ്ട് അല്ലാഹു അത് അനുവദിച്ചു. എന്നു മാത്രമല്ല അക്കാലത്ത് നബി(സ) തിരുമേനി തർബിയ്യത്തിനേയും തബ്ലീഗിനേയും ജിഹാദെ അക്ബർ എന്നാണ് പറഞ്ഞത്. അതായത് ഏറ്റവും വലിയ ജിഹാദ്. വിശുദ്ധഖുർആനിലെ തെളിവുകൾകൊണ്ട് ശത്രുവിന് വായടപ്പൻ മറുപടി കൊടുക്കുന്നതിനും സന്ദേശമെത്തിക്കുന്നതിനും ജിഹാദെന്ന് വിശുദ്ധഖുർആൻ തന്നെ പറഞ്ഞിട്ടുണ്ട്. അത് പറയുന്നു: ***ജാഹിദുഹും ബിഹി ജിഹാദൻ കബീറാ*** അതായത് ഈ ഖുർആന്റെ തെളിവുകൾ കൊണ്ട് വലിയ ജിഹാദ് ചെയ്യുക. തെളിവുകളോടുകൂടി ഇസ്ലാമിന്റെ ഉൽകൃഷ്ടഗുണങ്ങൾ വിവരിക്കുന്നതും ഇസ്ലാമിനെ പ്രബോധിക്കുന്നതുമാണ് യഥാർത്ഥ ജിഹാദ്. ഇസ്ലാം– അഹ്മദിയ്യത്തിന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കേണ്ടത് ഓരോ അഹ്മദിയുടേയും നിർബന്ധകടമയാണ്. ഇക്കാരണത്താൽ തീർച്ചയായും ത്യാഗങ്ങൾ വരിക്കേണ്ടതായി വരും. ഈ നന്മയിൽ ഓരോ അഹ്മദിയും മത്സരിച്ചുമുന്നേറാൻ ശ്രമിക്കേണ്ടതാണ്. നിങ്ങളുടെ കർമ്മങ്ങളേയും നന്നാക്കിത്തീർക്കുക. അത് കണ്ടുകൊണ്ട് ജനങ്ങൾ നിങ്ങളിലേക്ക് ശ്രദ്ധിക്കുമാറാകട്ടെ. പിന്നീട് തബ്ലീഗ് രംഗത്തേക്ക് കുതിക്കുക. ദേശത്തോടുള്ള നിങ്ങളുടെ സ്നേഹവും വിളിച്ചോതുന്നത് ഇവിടത്തുകാർക്ക് നിങ്ങൾ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിനെക്കുറിച്ച് പറഞ്ഞുകൊടുക്കുകയും അതിന്റെ സവിശേഷഗുണങ്ങൾ വിവരിച്ചുകൊടുക്കുകയും ചെയ്യുക എന്നാണ്. ലോകം ഏക ദൈവത്തെ വിശ്വസിക്കുകയും നബി (സ) തിരുമേനിയുടെ കൊടിക്കീഴിൽ അണിനിരക്കുകയും ചെയ്യുന്നതിലാണ്, ഭാവിയിൽ മനുഷ്യകുലത്തിന്റെ അമരത്തം നിലകൊള്ളുന്നത്. ഈ അഗ്രസ്ഥാനം കരസ്ഥമാക്കുന്നതിനായി ഓരോ അഹ്മദിയും പരസ്പരം നന്മയിൽ മുൻകടക്കാൻ ശ്രമിക്കേണ്ടതാണ്. ഇല്ലെങ്കിൽ ഓരോ രംഗത്തും നന്മകളിൽ മുൻകടക്കുന്നവരാണെന്ന നമ്മുടെ വാദം പൊള്ളയായിത്തീരും.

നബി(സ)തിരുമേനി മനോഹരമായൊരു സമൂഹത്തിന്റെ സംസ്ഥാപനത്തിനായി വലിയൊരു പ്രധാനപ്പെട്ട കാര്യം നമ്മോട് പറയുകയുണ്ടായി. ഇതനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് നമുക്ക് സ്വർഗ്ഗത്തിന്റെ അവകാശികളായിത്തീരാൻ സാധിക്കും; ഈ ലോകത്തും മരിച്ചതിനുശേഷവും. നാവിനെ നിയന്ത്രിക്കുക എന്നതാണത്. ഓരോ വ്യക്തിയും പരസ്പരം സദ്വിചാരങ്ങൾ വെച്ചുപുലർത്തുകയും തെറ്റായ കാര്യങ്ങളെക്കുറിച്ച് ഒരിക്കലും ചിന്തിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. ചില സന്ദർഭങ്ങളിൽ ചിലയാളുകൾ അവസരോചിതമല്ലാത്ത കാര്യങ്ങൾ പറഞ്ഞുകളയും. അത് മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തും. കേട്ടയാൾ താല്ക്കാലികമായി മൗനംപാലിച്ചാലും അയാളുടെ ഹൃദയത്തിൽ വൈരാഗ്യം എഴുന്നുനില്ക്കും. അത് മെല്ലെമെല്ലെ കലഹത്തിനു കാരണമാകും. സമൂഹത്തിൽ ഇത്തരം കുഴപ്പമുണ്ടാകാൻ കാരണമായവർ നരകത്തിൽ മുഖംകുത്തി വീഴുമെന്ന് പറഞ്ഞ് നബി(സ) തിരുമേനി താക്കീത് ചെയ്തിരിക്കുന്നു. ഇങ്ങനെ വരുമ്പോൾ നന്മകളിൽ മുന്നേറുക എന്ന സത്യവിശ്വാസികളുടെ ഉദ്ദേശ്യലക്ഷ്യം എവിടെ നിലനില്ക്കാനാണ്. സ്വയം മുന്നേറിയാൽ പോരാ. മറ്റുള്ളവരേയും കൂടെ കൂട്ടണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇത്തരം കുഴപ്പക്കാരുടെ ഉദ്ദേശ്യലക്ഷ്യം നന്മകളിൽ മുന്നേറുക എന്നതാണെന്ന് ഒരിക്കലും പറയാൻ പറ്റുകയില്ല. അതുകൊണ്ട് ഓരോ അഹ്മദിയും നന്മകളിൽ മുന്നേറുന്നതിനായി തങ്ങളുടെ ആരാധനകളുടെ നിലവാരം ഉയർത്തേണ്ടതാണ്. ജമാഅത്തിനു വേണ്ടി ത്യാഗത്തിന്റെ നിലവാരം മെച്ചപ്പെടുത്തേണ്ടതാണ്. അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ സന്ദേശത്തെ ഓരോ വ്യക്തിക്കും എത്തിച്ചുകൊണ്ട് തബ്ലീഗിന്റെ കടമ നിരവേറ്റേണ്ടതാണ്. അതോടൊപ്പം സൃഷ്ടികളുടെ കടമയും നിറവേറ്റേണ്ടതാണ്. സമൂഹത്തിൽ സമാധാനം പരക്കുന്നതിന് കാരണമാകുന്ന ഓരോ കാര്യവും സായത്തമാക്കേണ്ടതാണ്. നന്മകളിൽ മുന്നേറുന്നത് ലക്ഷ്യമാക്കുക എന്നാണ് നമ്മോട് കല്പിച്ചിട്ടുള്ളത്. നന്മ പ്രവർത്തിക്കണമെന്നും അതാണ് നമ്മുടെ ജീവിതലക്ഷ്യമെന്നും നാം തീരുമാനിക്കുമ്പോൾ തിന്മ ചെയ്യാനോ ആത്മാർത്ഥതയില്ലാതെ പ്രവർത്തിക്കാനോ ആരുടെയെങ്കിലും അവകാശം തട്ടിയെടുക്കാനോ എന്തെങ്കിലും ദോഷം ചെയ്യാനോ കളവ് പറയാനോ തോന്നുകയില്ല.

ചിലയാളുകൾ കരുതുന്നത് വലിയ കളവ് പറയുന്നതാണ് പാപമെന്നും ചെറിയ ചെറിയ കളവ് പറയുന്നത് അനുവദനീയമാണെന്നുമാണ്. ഇതെല്ലാം ആത്മാവിന്റെ വഞ്ചനയാണ്. ഓരോ അഹ്മദിയും ഇതിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. രക്ഷപ്പെട്ടാൽ മാത്രം പോരാ, മറിച്ച് നന്മയല്ലാതെ മറ്റൊന്നും ചെയ്യുകയില്ലെന്ന ഉറച്ച തീരുമാനം എടുക്കേണ്ടതാണ്. ഈ നന്മകൾ ചെയ്യുമ്പോൾ അതിൽ മുന്നേറാനും അഭിവൃദ്ധിപ്പെടാനുമുള്ള ഓട്ടത്തിലും പങ്കാളിയായിത്തീരും. ഇല്ലെങ്കിൽ എന്തിനുവേണ്ടിയാണോ നിങ്ങൾ അഹ്മദിയ്യത്ത് സ്വീകരിച്ചത് ആ ലക്ഷ്യം കരസ്ഥമാക്കുന്നവരാകുകയില്ല. അല്ലാഹു എല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇസ്ലാമിൽ മൂന്ന് വിഭാഗമാളുകളുണ്ട്. ***ളാലിമുൻല്ലിനഫ്സിഹി, മുഖ്ത്തസിദ്, സാബിഖുൻബിൽ ഖയ്റാത്ത്. ളാലിമുല്ലിനഫ്സിഹി***,

ദോഷപ്രവണമായ ആത്മാവിന്റെ കയ്യിൽ അകപ്പെട്ടിരിക്കുന്നവരാണ്. അവർ പ്രാരംഭസ്ഥാനത്തുള്ളവരാണ്. അതിൽനിന്ന് പുറത്തുവരാൻ ആവുന്നേടത്തോളം അവർ പരിശ്രമിക്കുന്നു. ***മുഖ്ത്തസിദ്*** എന്നു പറയുന്നത് മധ്യമനിലക്കാരാണ്. ഒരുപരിധിവരെ അവർ ദോഷപ്രവണമായ ആത്മാവിൽനിന്ന് മോചനം നേടിയവരാണ്. എങ്കിലും ഇടയ്ക്കിടെ അതിന്റെ ആക്രമണം അവരിലുണ്ടാകുന്നു. ആക്രമണം ഉണ്ടാകുന്നതിനോടൊപ്പം അവർ ലജ്ജിതരാവുകയും ചെയ്യുന്നു. പൂർണ്ണമായ നിലയിൽ അവർക്ക് മോചനം കിട്ടിയിട്ടില്ല.

എന്നാൽ ***സാബിഖുൻബിൽ ഖയ്റാത്ത്*** എന്ന വിഭാഗത്തിൽപെട്ടവരിൽനിന്ന് നന്മ മാത്രമേ ഉണ്ടാകൂ. അവർ എല്ലാവരേക്കാളും മികച്ചവരാണ്. അവരുടെ അനക്കമടക്കമെല്ലാം സ്വാഭാവികമായനിലയിൽ ഉള്ളതായിത്തീരുന്നു. എത്രമാത്രമെന്നാൽ അവരിൽനിന്ന് നല്ല കർമ്മങ്ങളേ ഉണ്ടാകൂ. അതായത്, അവരുടെ ദോഷപ്രവണമായ ആത്മാവ് പൂർണ്ണമായും മരിക്കുന്നു. അവർ ***മുത് മയിന്ന*** അവസ്ഥയിലായിരിക്കും. നിസ്സാരകാര്യമെന്ന പോലെയായിരിക്കും അവരിൽനിന്ന് സൽകർമ്മങ്ങൾ ഉണ്ടാകുന്നത്. മറ്റുള്ളവർ നന്മയെന്ന് മനസ്സിലാക്കുന്ന കാര്യങ്ങൾപോലും ചിലപ്പോൾ അവരുടെ ദൃഷ്ടിയിൽ പാപങ്ങളായിരിക്കും. അതിന് കാരണം അവരുടെ ഈശ്വരജ്ഞാനവും ഉൾക്കാഴ്ചയും വലിയ പരിധിവരെ വളർന്നിരിക്കുന്നുവെന്നതാണ്. ഇക്കാരണത്താലാണ് സൂഫികൾ പറഞ്ഞത്: "***ഹസനാത്തുൽ അബ്റാരി സയ്യിആത്തുൽ മുഖർറബീൻ.***" ഇതനുസരിച്ച് നന്മ പ്രവർത്തിക്കുന്നവരാകാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ഓരോ അഹ്മദിയും അഹമഹമികയാ നന്മകളിൽ മുൻകടക്കുന്നവരായി തീരട്ടെ. നാളെ ദൈവസന്നിധിയിൽ ഹാജരാകുമ്പോൾ, 'നന്മ ചെയ്യാനും നന്മ ചെയ്യുന്നതിൽ പരസ്പരം മുൻകടക്കാനും ഞാൻ നിങ്ങളോട് കല്പിച്ചപ്പോൾ നിങ്ങൾ എന്തുകൊണ്ടത് ചെയ്തില്ല' എന്ന് അല്ലാഹു ചോദിക്കുന്ന ഒരവസരം നമുക്കുണ്ടാകാതിരിക്കട്ടെ. അല്ലാഹു നമ്മുടെമേൽ കരുണ ചെയ്യട്ടെ. നന്മകൾ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ.

വാക്കുകൾ അവസാനിപ്പിക്കുന്നതിനു മുമ്പേ വീണ്ടും ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ദിനങ്ങളിൽ നിങ്ങൾ എന്തെന്തെല്ലാം നല്ലകാര്യങ്ങൾ പഠിക്കുന്നുവോ അതെല്ലാം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുക. വീട്ടിൽ ചെല്ലുമ്പോൾ ഇക്കാര്യങ്ങൾ മറക്കാതിരിക്കുക. ഭാര്യമാരിലും കുട്ടികളിലും ഇക്കാര്യങ്ങൾ നിലനാട്ടാൻ ശ്രമിക്കുക. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു നിങ്ങളെ, ഹസ്റത്ത് മസീഹ് മൗഊദ്(അ) ജൽസയിൽ പങ്കെടുക്കുന്നവർക്കായി ചെയ്ത എല്ലാ ദുആകളുടേയും അവകാശികളാക്കിത്തീർക്കട്ടെ. എപ്പോഴും അവന്റെ സംരക്ഷണം നിങ്ങളുടെമേലുണ്ടാകട്ടെ. നിങ്ങളുടെ എല്ലാ ദുഃഖങ്ങളും അകറ്റുമാറാകട്ടെ. ഈ രാജ്യത്തിന്റെ പുരോഗതിക്കായി പുതിയ വഴികൾ തുറന്നുതരുമാറാകട്ടെ. നിങ്ങളുടെ എല്ലാവരുടേയും മനസ്സിൽ ജമാഅത്തിനോടും ഖിലാഫത്തിനോടുമുള്ള കൂറും സ്നേഹവും വർദ്ധിപ്പിക്കുമാറാകട്ടെ.

രണ്ടാമത്തെ ഖുത്ബയിൽ പരേതരായ മൗലാനാ മഹ്മൂദ് അഹ്മദ് സാഹിബ് ജലീലിനേയും ബഹുമാന്യനായ മിർസാ ഇദ്രീസ് അഹ്മദ് സാഹിബിനേയും ഹുസൂർ അനുസ്മരിച്ചു. ജുമുഅ നിസ്കാരത്തിനുശേഷം അവർക്കുവേണ്ടി ജനാസ ഗായിബ് നിസ്കരിക്കുന്നതാണെന്ന് വിളംബരം ചെയ്തു.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 29.4.2005 at Keniya

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**
0497 2702562; Mob: 9895 126027
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala